**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2270.**

**14-06-2019 - ലെ മറുപടിക്ക്**

**വളയം ഹയർ സെക്കൻഡറി സ്കൂൾ വികസനം**

| ചോദ്യം<br>**ശ്രീ. ഇ.കെ.വിജയൻ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2016-2017 സാമ്പത്തിക വർഷത്തിൽ വളയം ഹയർസെക്കൻഡറി സ്കൂളിന്റെ വികസനത്തിന് അനുവദിച്ച തുകയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | കിഫ്ബി മുഖാന്തിരം 5.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതിൽ കിഫ്ബി നല്കുന്ന 5 കോടി രൂപയുടെ ബാക്കി 44 ലക്ഷം രൂപ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി KITE മുഖാന്തിരം നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി നല്കി ഉത്തരവായിട്ടുണ്ട്. |
| ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട പോർട്ടൽ 1-ൽ ഐഡി 388-ൽ (പ്രൊജക്ട് നം.1133) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | 09.08.2017 ലെ സ.ഉ (അ) നം. 2692/2017/ധന ഉത്തരവ് റദ്ദ് ചെയ്ത് കിഫ്ബി മുഖാന്തിരം 5.44 കോടി രൂപ അനുവദിച്ചതിൽ 44 ലക്ഷം രൂപ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നല്കി 07/06/2019 - ലെ സ.ഉ(സാധാ)നം.4322/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| സി) നിലവിൽ പ്രസ്തുത ഫയൽ എവിടെയാണെന്ന് അറിയിക്കാമോ ? | തുടർനടപടികൾക്കായി ഉത്തരവ് ഭരണ വകുപ്പിന് നല്കിയിട്ടുണ്ട്. |
| ഡി) ഈ ഫയലിൽ സ്കൂൾ വികസനത്തിന് അനുകൂലമായ തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോ ? | 07/06/2019 - ലെ സ.ഉ(സാധാ)നം.4322/2019/ധന. ഉത്തരവ് പ്രകാരം അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**